SUNDAY 07/12/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff


**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/12/2025

1. അരക്കേറിയ, തുജാ, ഗോൾഡൻ സൈപ്രസ് എന്നിങ്ങനെയുള്ള നിത്യഹരിത അലങ്കാര ക്രിസ്മസ് ട്രീകൾ ആകർഷകമായ ചട്ടികളിൽ, അലങ്കരിക്കാൻ പാകമായി വളർത്തി, ക്രിസ്മ്സ് ട്രീകളായി കൃഷിവകുപ്പ് ഫാമുകളിലൂടെ വിൽപ്പന നടത്തുന്നത്. വിവിധ ജില്ലകളിലെ 25 ഫാമുകളിലായി രണ്ടായിരത്തോളം ക്രിസ്മസ് ട്രീ തൈകൾ എച്ച്.ഡി.പി.ഇ/മൺചട്ടി എന്നിവയിലാണ് വിതരണത്തിനായി തയ്യാറാക്കിയിരിക്കുന്നത്. **പാലക്കാട് ജില്ലയിൽ** സെൻട്രൽ ഓർച്ചാർഡ്, പട്ടാമ്പി ഫോൺ നമ്പർ 04662212009. **കോഴിക്കോട് ജില്ലയിൽ** സ്റ്റേറ്റ് സീഡ് ഫാം, പുതുപ്പാടി ഫോൺ നമ്പർ 04962512340, ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, കൂത്താളി ഫോൺ നമ്പർ 9383471807, സ്റ്റേറ്റ് സീഡ് ഫാം, പേരാമ്പ്ര ഫോൺ നമ്പർ 9383471808 എന്നീ ഫാമുകളിൽ ലഭ്യമാണ്

2. കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ 10 വർഷം വരെ അംശാദായ കുടിശ്ശിക വരുത്തി അംഗത്വം നഷ്ടപ്പെട്ടവർക്ക് പിഴ സഹിതം കുടിശ്ശിക അടച്ച് അംഗത്വം പുനഃസ്ഥാപിക്കാൻ അവസരം.


ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കുടിശ്ശിക വരുത്തിയ ഓരോ വർഷത്തിനും പിഴയായി 10 രൂപ നിരക്കിൽ ഡിസംബർ 10 വരെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിലെത്തി കുടിശ്ശിക അടച്ച് അംഗത്വം പുനഃസ്ഥാപിക്കാം. കുടിശ്ശിക അടയ്ക്കാൻ ആധാർകാർഡ്, ബാങ്ക് പാസ്സ്ബുക്ക് എന്നിവയുടെ പകർപ്പും ഫോട്ടോയും നൽകണം. അംഗത്വം പുനഃസ്ഥാപിച്ചാലും കുടിശിക വരുത്തിയ കാലഘട്ടത്തിലുള്ള പ്രസവ, വിവാഹ, ചികിത്സാ ആനുകൂല്യങ്ങൾ, വിദ്യാഭ്യാസ അവാര്ഡ്, ക്ഷേമ-ആനുകൂല്യങ്ങൾ എന്നിവയ്ക്ക് അർഹതയുണ്ടാവില്ല. 60 വയസ് പൂർത്തിയായ തൊഴിലാളികൾക്ക് അംഗത്വം പുനഃസ്ഥാപിക്കാൻ അവസരമില്ലെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

3. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ സെൻ്റർ ഫോർ ഈ ലേണിംഗ് **കൃത്യത കൃഷിയുടെ ഒരു ഹൈബ്രിഡ് ട്രെയിനിങ് പ്രോഗ്രാം** 2025 ഡിസംബർ 15 മുതൽ 19 വരെ സംഘടിപ്പിച്ചിരിക്കുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഡിസംബർ 12. കോഴ്സ് ഫീസ് 1000 രൂപ. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487 2438565, 9495943875,

ff



8547837256. വെബ് സൈറ്റ് www.celkau.in ഈമെയിൽ celkau@gmail.com.

4. റബ്ബർപാലിലെ റബ്ബറിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ. ഐ.ആർ.റ്റി.) വെച്ച് 2025 ഡിസംബർ 17 മുതൽ 19 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 04812353127, 9497487209 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെടാം.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിംഗ് & മാനേജ്മെന്റിൽ നടത്തിവരുന്ന എം.ബി.എ (എ.ബി.എം)പ്രോഗ്രാമിലെ 2025-26 അധ്യയന വർഷത്തെ ഒഴിവുള്ള സീറ്റുകളിലേക്ക് 08.12.2025 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. വിശദവിവരങ്ങൾക്ക് കേരള കാർഷിക സർവകലാശാലയുടെ www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ : 0487 - 2438139

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷന് സെന്ററിൽ **'തേനീച്ചവളർത്തൽ'** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ₹550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ പ്രവൃത്തി ദിവസങ്ങളിൽ 8547070773 എന്ന ഫോണ് നമ്പറിൽ ബന്ധപ്പെടാവുന്നതാണ് .

7. മണ്ണുത്തിയിലെ ഗോട്ട് & ഷീപ്പ് ഫാമിൽ വെച്ച് ആടുവളർത്തൽ ശാസ്ത്രീയമായും നൂതനസാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയും എങ്ങനെ ലാഭകരമായി ചെയ്യാം എന്ന വിഷയത്തിൽ – ഏകദിന പരിശീലനം ഡിസംബർ 20 ന് സംഘടിപ്പിച്ചിരിക്കുന്നു. താല്പര്യമുള്ളവർ രജിസ്റ്റർ ചെയ്യാനായി വിളിക്കേണ്ട ഫോൺ നമ്പർ :9447796219, 04872961100

8. **കാർഷിക നിർദേശം**

ജലസേചന സൗകര്യം ഇല്ലാത്ത തെങ്ങിൻ തോപ്പുകളിൽ പുതയിട്ട് ഈർപ്പം നിലനിർത്തണം. തെങ്ങോലകൾ ഉപയോഗിച്ചോ,

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തൊണ്ട്മലർത്തി അടുക്കിയോ, ചപ്പുചവറുകൾ ഇട്ടോ ഈർപ്പം സംരക്ഷിക്കാം. പുതുതായി നട്ട തെങ്ങിൻ തൈകൾക്ക് തണൽ കൊടുക്കണം.

തെങ്ങോല, വാഴത്തട എന്നിവ ഉപയോഗിച്ച് മണ്ണിരയുടെ സഹായത്താൽ നല്ല മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കാം. ഈ കമ്പോസ്റ്റ് നൽകുന്നത് വഴി തെങ്ങിന് നൽകുന്ന രാസവളങ്ങളുടെ ഗണ്യമായ ഒരു ഭാഗം കുറയ്ക്കാൻ സാധിക്കും. തോട്ടത്തിൽ ചപ്പുചവറുകൾ കൂട്ടിയിട്ട് പുകയ്ക്കുന്നത് പല കീടങ്ങളെയും നശിപ്പിക്കാൻ ഉപകരിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം